21 ഫെബ്രുവരി 2021 അന്താരാഷ്ട്ര മാതൃഭാഷാ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി കേരള വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഇക്കോടൂറിസം വിഭാഗവും, തെൻമല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (ടി.ഇ.പി.എസ്.) ഫീൽഡ് ട്രെയിനിംഗ് വിഭാഗമായ“ സേവനവും” സംയുക്തമായി 8 വയസ്സിനും 15 വയസ്സിനും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്ക് മത്സരങ്ങൾ ഓൺലൈൻ മാധ്യമത്തിലൂടെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

മത്സരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1 **പ്രസംഗ മത്സരം (വീഡിയോ ഫോർമാറ്റ്)**
**വിഷയം :** മലയാളഭാഷ ശ്രേഷ്ഠഭാഷാ

വിഷയത്തെ ആസ്പദമാക്കി മൂന്ന് മിനിട്ടിൽ കവിയാതെയുള്ള മത്സരാർത്ഥിയുടെ പ്രസംഗം മൊബൈൽ ഫോണിലെ വീഡിയോയിൽ പകർത്തി അപ്ലോഡ് ചെയ്യുക.

2 **ചുവർ പരസ്യ (പോസ്റ്റർ) രചന മത്സരം**
**വിഷയം : എന്റെ മലയാളം എന്റെ കേരളം**

വിഷയത്തെ ആസ്പദമാക്കി സ്വന്തം കൈപ്പടയിൽ ചിത്രങ്ങൾ വരച്ചും വാകൃങ്ങൾ എഴുതിയും ചുവർ പരസ്യം (പോസ്റ്റർ) രചിക്കുക. പെൻസിൽ, ക്രയോൺ, വാട്ടർ കളർ, ഓയിൽ പെയിന്റ് തുടങ്ങിയവ രചനക്കായി ഉപയോഗിക്കാവുന്നതാണ്.

മത്സരാർത്ഥികളുടെ ആവിഷ്കാരങ്ങൾ https://www.thenmalaecotourism.com എന്ന വെബ്സൈറ്റിലേക്ക് അപ്ലോഡ് ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 8547059770 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഡി രതീഷ് IFS**
ചീഫ് എക്സിക്യൂട്ടീവ്.
ടി .ഇ. പി.എസ്

**അരുൺ ആർ എസ് IFS**
ഡയറക്ടർ,
ഇക്കോടൂറിസം

# മത്സരാർഥികൾക്കുള്ള മാർഗനിർദേശങ്ങൾ

## മത്സരങ്ങൾ

### 1 പ്രസംഗ മത്സരം (വീഡിയോ ഫോർമാറ്റ്)
### വിഷയം : മലയാളഭാഷ ശ്രേഷ്ഠഭാഷാ

വിഷയത്തെ ആസ്പദമാക്കി മൂന്ന് മിനിട്ടിൽ കവിയാതെയുള്ള മത്സരാർത്ഥിയുടെ പ്രസംഗം മൊബൈൽ ഫോണിലെ വീഡിയോയിൽ പകർത്തി അപ്‌ലോഡ് ചെയ്യുക. മത്സരാർഥിയുടെ പൂർണ്ണരൂപത്തിലുള്ള വീഡിയോ ആയിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.

**സമ്മാനവിധിനിർണ്ണയത്തിനുള്ള മാനദണ്ഡം**

ആകെ - 100 മാർക്ക്

- വിഷയത്തെ കുറിച്ചുള്ള അറിവ് (50 മാർക്ക്)
- വാക്ചാതുര്യം (25 മാർക്ക്)
- അവതരണ ശൈലി (25 മാർക്ക്)

### 2 ചുവർ പരസ്യ (പോസ്റ്റർ) രചന മത്സരം
### വിഷയം : എന്റെ മലയാളം എന്റെ കേരളം

വിഷയത്തെ ആസ്പദമാക്കി സ്വന്തം കൈപ്പടയിൽ ചിത്രങ്ങൾ വരച്ചും വാക്യങ്ങൾ എഴുതിയും ചുവർ പരസ്യം (പോസ്റ്റർ) രചിക്കുക. പെൻസിൽ, ക്രയോൺ, വാട്ടർ കളർ, ഓയിൽ പെയിന്റ് തുടങ്ങിയവ രചനക്കായി ഉപയോഗിക്കാവുന്നതാണ്.

**സമ്മാനവിധിനിർണ്ണയത്തിനുള്ള മാനദണ്ഡം**

ആകെ - 100 മാർക്ക്

- വിഷയാവതരണം (40 മാർക്ക്)
- സർഗ്ഗാത്മകത (40 മാർക്ക്)
- ഭാഷാ ചാരുത (20 മാർക്ക്)

## മത്സര നിയമാവലി

1. മത്സരാർഥികൾ https://www.thenmalaecotourism.com എന്ന വെബ്‌സൈറ്റിൽ പേരുപതിക്കൽ (രജിസ്റ്റർ) ചെയ്യുക.
2. 8 വയസ്സിനും 15 വയസ്സിനും മദ്ധ്യേ പ്രായമുള്ള ഇന്ത്യൻ പൗരത്വം ഉള്ള കുട്ടികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം.
3. പേരുപതിക്കലിന്റെ ഭാഗമായി മൊബൈൽ ഫോൺ നമ്പർ, ഇമെയിൽ, വിലാസം, സ്കൂൾ, ക്ലാസ് എന്നിവ കൃത്യതയോടെ രേഖപ്പെടുത്തുക. ഫോട്ടോ തിരിച്ചറിയൽ കാർഡ് അപ്‌ലോഡ് ചെയ്യുക. തുടർന്നുള്ള

എല്ലാ ആശയവിനിമയത്തിനും ടി .ഇ. പി.എസ്. ഈ വിവരങ്ങൾ ആണ് ഉപയോഗിക്കുന്നത്.

4 മത്സരത്തിന്റെയും പേരുപതിക്കലിന്റെ ഭാഗമായി അപ്‌ലോഡ് ചെയ്യുന്ന ചിത്രങ്ങൾ jpeg ഫോർമാറ്റിലും വിഡിയോകൾ mp4 ഫോർമാറ്റിലും 50 MP യിൽ നിജപ്പെടുത്തുക.

5 മത്സരാത്ഥികളുടെ ആവിഷ്‌കാരം സ്വന്തമായി രൂപപെടുത്തിയതാകണം, മറ്റൊരാളുടെ ആവിഷ്‌കാരത്തിന്റെ പകർപ്പ് ആകുവാൻ പാടുള്ളതല്ല.

6 മത്സരാത്ഥികളുടെ ആവിഷ്‌കാരങ്ങൾ 1957 ലെ ഇന്ത്യൻ കോപ്പിറൈറ്റ് ആക്ട് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാകണം.

7 പ്രസ്തുത ആക്ട് ലംഘിക്കുന്നതായി കണ്ടെത്തിയൽ ടി .ഇ. പി.എസ്. മത്സരത്തിൽ നിന്നും മത്സരാർത്ഥിയെ അയോഗ്യനാക്കും കൂടാതെ മത്സരാർത്ഥികൾ നടത്തുന്ന ലംഘനങ്ങൾക്ക് ടി .ഇ. പി.എസ്. ന് ഉത്തരവാദിത്വം ഉണ്ടാകുന്നതല്ല . ഇത് സംബന്ധിച്ചുള്ള എല്ലാ നിയമ നടപടികൾക്കും മത്സരാർത്ഥി വിധേയമാകുന്നതാണ്.

8 നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്ന ആവിഷ്‌കാരങ്ങൾ മാത്രമേ മത്സരത്തിനായ് പരിഗണിക്കുകയുള്ളൂ

9 മത്സരനിർണ്ണയത്തിനായ് ഒരു സമിതിയെ ടി .ഇ. പി.എസ്. ന്റെ ചീഫ് എക്സിക്യൂട്ടീവ് രൂപികരിക്കും.

10 നിർദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സമിതി സമ്മാനനിർണ്ണയം നടത്തുക.

11 മത്സരത്തിന്റെയും സമ്മാനനിർണ്ണയത്തിന്റെയും മാനദണ്ഡങ്ങൾ പരിഷ്‌കരിക്കാൻ പ്രസ്തുത സമിതിക്കു അവകാശം ഉണ്ട് .

12 മത്സര ഫലങ്ങളുടെ തീരുമാനം ചീഫ് എക്സിക്യൂട്ടീവ്, ടി .ഇ. പി.എസ്. ൽ നിക്ഷിപ്തമാണ്.

13 മത്സരാത്ഥികൾ സമർപ്പിക്കുന്ന ആവിഷ്‌കാരങ്ങൾ ടി .ഇ. പി.എസ്. ന് തങ്ങളുടേതായ ഉപയോഗത്തിന് ഉപയോഗിക്കാൻ അധികാരം ഉണ്ട്.

14 പങ്കെടുക്കുന്ന എല്ലാ മത്സരാത്ഥികൾക്കും ഈമെയിലായി പങ്കെടുത്തതിന്റെ സാക്ഷ്യപത്രം (സർട്ടിഫിക്കറ്റ്) ലഭിക്കുന്നതാണ്.

15 ഒരു മത്സരത്തിൽ തന്റെ ഒരു ആവിഷ്‌കാരം മാത്രമേ മത്സരാർത്ഥി സമർപ്പിക്കേണ്ടതുള്ളൂ. ഒന്നിൽ കൂടുതൽ ആവിഷ്‌കാരം സമർപ്പിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയാൽ, എല്ലാ ആവിഷ്‌കാരവും അസാധുവായി കണക്കാക്കും.

16 മത്സരങ്ങളുടെ മാനദണ്ഡങ്ങൾ ഏതു സമയവും ഭേദഗതി വരുത്താൻ ചീഫ് എക്സിക്യൂട്ടീവ് ടി .ഇ. പി.എസ്. അധികാരം ഉണ്ട്.

17 നിർദിഷ്ട തീയതിക്കുള്ളിൽ ലഭിച്ച ആവിഷ്‌കാരങ്ങൾ പ്രാഥമികമയി പരിശോധിച്ചു സമ്മാനനിർണ്ണയസമിതിയുടെ പരിഗണനക്ക് സമർപ്പിക്കും. ഈ സമിതിയുടെ തീരുമാനം അന്തിമം ആയിരിക്കും.

18 മത്സരങ്ങളുടെ ഫലം 2021 മാർച്ച് 5 ന് www.thenmalaecoturism.com ൽ പ്രസിദ്ധീകരിക്കും.

19 മത്സരങ്ങളെ സംബന്ധിച്ചുള്ള അപ്പീലുകൾ വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഇക്കോടൂറിസം വിഭാഗം മേധാവിക്ക് (ഡയറക്ടർ ഇക്കോടൂറിസം) സമർപ്പിക്കാവുന്നതാണ് .

## സമ്മാനങ്ങൾ

പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും ഈമെയിലായി പങ്കെടുത്തതിന്റെ സാക്ഷ്യപത്രം ലഭിക്കുന്നതാണ്.

## ഒന്നാം സമ്മാനം

2 മുതിർന്നവർക്കും 2 കുട്ടികൾക്കും തെൻമല ഇക്കോടൂറിസം സന്ദർശിക്കുന്നതിനും ഒരു രാത്രി തെന്മലയിൽ താമസിക്കാനുമുള്ള അനുവാദപത്രം ലഭിക്കും. ഈ അനുവാദപത്രത്തിന് മാർച്ച് 5, 2021 മുതൽ 36 മാസം കാലാവധിയുണ്ടായിരിക്കുന്നതാണ്

കൂടാതെ വിജയിക്ക് ടി. ഇ . പി . സ്. വികസിപ്പിച്ച പുസ്തകം ,കോഫി മഗ്ഗ് , ടി ഷർട്ട് മുതലായ ഉപഹാരങ്ങളും സമ്മാനമായി ലഭിക്കും.

ചീഫ് എക്സിക്യൂട്ടീവ്
ടി.ഇ.പി.എസ്.